4. ജാക്സൺദാസ് റ്റി., 31-3-2022, ജി.എച്ച്.എസ്.എസ്., കല്ലാർ.
5. ശോഭന. വി. എൽ., 31-3-2023, ജി.എച്ച്.എസ്.എസ്., കുറ്റിപ്ലാങ്ങാട്
6. മറിയാമ്മ ആംബ്രോസ്, 31-3-2024, ജി.എച്ച്.എസ്.എസ്., കല്ലാർ.
7. പ്രീത പി. കെ., 30-4-2022, ജി.യു.പി.എസ്., ലച്ച്മി
8. ഗ്രേസി ചാക്കോ, 31-3-2023, ഐ.എച്ച്.ഇ.പി.ജി.യു.പി.എസ്., മൂലമറ്റം.
9. ശെൽവി റ്റി. എസ്., 31-3-2025, ജി.എച്ച്.ഡബ്ല്യൂ.യു.പി.എസ്., കാറ്റാടിക്കവല.

### ഗ്രേസ് മാർക്ക്

208(818) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന ഉത്തരവ് പിൻവലിച്ച് തൽസ്ഥിതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

2021-22 വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് സംബന്ധിച്ച് തീരുമാനമായിട്ടില്ല. 2020-21 വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന ഉത്തരവ് പിൻവലിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

### ഉപരിപഠനത്തിനുള്ള അവസരം ഉറപ്പാക്കാൻ നടപടി

209 (819) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അദ്ധ്യയന വർഷം എത്ര കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്; എത്ര പേർ ഉന്നത പഠനത്തിന് യോഗ്യത നേടി; വിജയ ശതമാനം എത്രയാണ്; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

2020-21 അദ്ധ്യയന വർഷം ആകെ 4,21,887 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ 4,19,653 വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടി. വിജയശതമാനം 99.47.

(ബി) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ എത്ര പ്ലസ് ടു സീറ്റുകൾ നിലവിലുണ്ട്?

സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ ബാച്ചൊന്നിന് 50 സീറ്റ് എന്ന ക്രമത്തിൽ ആകെ 3,06,150 സീറ്റുകൾ നിലവിലുണ്ട്.

(സി) ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നതിന് ഈ സീറ്റുകൾ പര്യാപ്തമാണോ?

അല്ല. എന്നാൽ 2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി ഹയർസെക്കൻഡറി മേഖലയിൽ ആകെ 3,61,307 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലയിൽ 33,000 സീറ്റുകളും ഐ.ടി.ഐ.-കളിൽ 49,140 സീറ്റുകളും പോളിടെക്നിക്കുകളിൽ 19,080 സീറ്റുകളും ഉൾപ്പെടെ 4,62,527 സീറ്റുകൾ ലഭ്യമാണ്.

(ഡി) അല്ലെങ്കിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിച്ചുകൊണ്ട് മുഴുവൻ പേർക്കും പഠനാവസരം ഉറപ്പാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി ഹയർസെക്കൻഡറി മേഖലയിൽ ആകെ 3,61,307 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലയിൽ 33,000 സീറ്റുകളും ഐ.ടി.ഐ.-കളിൽ 49,140 സീറ്റുകളും പോളിടെക്നിക്കുകളിൽ 19,080 സീറ്റുകളും ഉൾപ്പെടെ 4,62,527 സീറ്റുകൾ ലഭ്യമാണ്.

**എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക്**

210 (820) <u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് വിവിധ ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly